**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3148** **13.03.2017 ൽ മറുപടിയ്ക്ക്**

**കീടനാശിനികൾ പ്രയോഗിച്ച പഴം-പച്ചക്കറികളുടെ വിതരണം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. എം. രാജഗോപാലൻ | ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യാപകമായ തോതിൽ കീടനാശിനികൾ പ്രയോഗിച്ച പഴവർഗ്ഗങ്ങളും പച്ചക്കറികളും വിതരണം ചെയ്യുന്ന സാഹചര്യത്തിൽ ഇവ തടയാനും മറ്റുമായി എന്തൊക്കെ നടപടികളാണ് കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) ചെക്ക് പോസ്റ്റുകളിലും മാർക്കറ്റുകളിലും നിന്നും ശേഖരിക്കുന്ന പഴം പച്ചക്കറി സാമ്പിളുകൾ കാർഷിക സർവ്വകലാശാലയുടെ വിഷാംശ പരിശോധനാ കേന്ദ്രത്തിൽ പരിശോധിച്ച് വിവരം പരസ്യപ്പെടുത്തുന്നുണ്ട്. ജൈവകൃഷി/നല്ലകൃഷി സമ്പ്രദായം വഴി ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ സൗജന്യമായി ഈ ലാബിൽ പരിശോധിച്ച് കർഷകർക്ക് ഉല്പന്ന പരിശോധനാ സാക്ഷ്യപത്രം നൽകിവരുന്നു. പരിശോധനാഫലങ്ങളെ അടിസ്ഥാനമാക്കി സുരക്ഷിത ഇനങ്ങൾ ഏതൊക്കെയെന്ന് മാധ്യമങ്ങളിലൂടെയും കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലിലും കാർഷിക സർവ്വകലാശാല, കൃഷിവകുപ്പ് എന്നിവയുടെ വെബ്സൈറ്റിലും യഥാസമയം പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. വിഷാംശമുള്ള പച്ചക്കറികളുടെ വിപണനം നിയന്ത്രിക്കുന്നതിനും നിയമനടപടി സ്വീകരിക്കുന്നതിലേക്കും പരിശോധനാ ഫലം ഭക്ഷ്യസുരക്ഷാവകുപ്പിന് കൈമാറുകയും ചെയ്യുന്നു. പച്ചക്കറികളിലെ വിഷാംശം കുറച്ച് ഭക്ഷ്യ യോഗ്യമാക്കുന്നതിനുള്ള 'ഭക്ഷ്യസുരക്ഷിത പാക്കേജ്' സർവ്വകലാശാല പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) ജൈവ പച്ചക്കറികൾ/ ഫലവർഗ്ഗങ്ങൾ എന്ന നിലയിൽ സംസ്ഥാനത്ത് വിതരണം ചെയ്യുന്നവയിലും കീടനാശിനികൾ കണ്ടെത്തിയതു വഴി ഇത്തരത്തിൽ ഉള്ളവയുടെ വിശ്വാസ്യത ജനങ്ങൾക്ക് ബോദ്ധ്യപ്പെടാനും ജൈവ ഉൽപന്നങ്ങൾ സർട്ടിഫൈ ചെയ്യാനും നടപടികൾ ഉണ്ടോ? | (ബി) ചില സ്വകാര്യവിപണികൾ ജൈവപച്ചക്കറി എന്ന ബ്രാൻഡിൽ വില്ക്കുന്ന ചിലയിനം പച്ചക്കറികളിൽ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയ വിവരം ബന്ധപ്പെട്ട ഏജൻസികളെ അറിയിച്ചതിനെ തുടർന്ന് ഈ പ്രശ്നം ഏറെക്കുറെ പരിഹരിച്ചിട്ടുണ്ട്. ജൈവപച്ചക്കറി ഉല്പന്നങ്ങളുടെ സാമ്പിളുകൾ ബന്ധപ്പെട്ട കൃഷി ഉദ്യോഗസ്ഥന്റെ ശുപാർശക്കത്തോടെ വിഷാംശപരിശോധനാ ലാബിൽ എത്തിച്ചാൽ അവ സൗജന്യമായി പരിശോധിച്ച് കർഷകർക്ക് സർട്ടിഫിക്കറ്റ് നൽകി വരുന്നു. കൃഷിഭവന് കീഴിലുള്ള എക്കോഷോപ്പുകളിൽ വിതരണം ചെയ്യുന്ന ജൈവഉല്പന്നങ്ങൾ ഗുണമേൻമ ഉറപ്പ് വരുത്തിയവയാണ്. "കേരള ഓർഗാനിക്" എന്ന ബ്രാന്റിൽ സംസ്ഥാന കൃഷി വകുപ്പ് ഈ വരുന്ന വിഷുവിന് വിഷരഹിതമായ ഓർഗാനിക് പച്ചക്കറി മാർക്കറ്റിൽ ഇറക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**